II ഇ.ബി. XIകേരള നിയമസഭ/IV21

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 16, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

159 (*481) കുടുംബ കോടതികൾ

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) നൽകിയ മറുപടിയിൽ, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ 7 ജില്ലകളിലാണ് കുടുംബ കോടതികളുള്ളതെന്ന് സഭയെ അറിയിച്ചു. ബാക്കി ഏഴു ജില്ലകളിൽക്കൂടി ഘട്ടംഘട്ടമായി ധനലഭ്യതയ്ക്കനുസരിച്ച് കുടുംബ കോടതികൾ സ്ഥാപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കുടുംബ കോടതികളുടെ പ്രവർത്തനത്തിനു വേണ്ടിവരുന്ന ചെലവ് സംസ്ഥാന ഗവൺമെന്റാണ് വഹിക്കുന്നത്. പുതിയ കുടുംബ കോടതികൾ സ്ഥാപിക്കുന്നതിനാവശ്യമായ ചെലവിന്റെ 50 ശതമാനം വഹിക്കണമെന്ന നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണന യിലാണ്. നിലവിലുള്ള കുടുംബ കോടതികളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. കുടുംബ കോടതികളുടെ പരിധിയിലുള്ള കേസ്സുകൾ മുൻസിഫ് കോടതിയിലേയ്ക്ക് മാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. ഫാമിലി കൗൺസലേഴ്സിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ശ്രമിക്കുന്നതാണ്. കുടുംബ കോടതികളുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ കൂടുതൽ ശുഷ്ക്കാന്തി കാണിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം കൊടുക്കുന്നതാണ്. സ്വകാര്യ സംരംഭമെന്നുള്ള നിലയ്ക്ക് വ്യക്തികളോ സ്ഥാപനങ്ങളോ സംഘടനകളോ ആരംഭിക്കുന്ന കൗൺസലിംഗ് ക്ളിനിക്കുകൾക്ക് ഗവൺമെന്റ് വേണ്ട പ്രോത്സാഹനം നൽകുന്നതാണ്. കുടുംബ കോടതികൾ ഇല്ലാത്ത ജില്ലകളിൽ പ്രത്യേക

സിറ്റിംഗ് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

160 (*482) ആണവോർജ്ജ നിയന്ത്രണ ബോർഡും ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്ടിയും ചേർന്ന് ആരോഗ്യ മേഖലയിൽ നടത്തിയ പഠനം

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ.പി. ശങ്കരൻ) നൽകിയ മറുപടിയിൽ ആണവോർജ്ജ നിയന്ത്രണ ബോർഡും ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്ടിയും ചേർന്ന് കേരളത്തിലെ ആരോഗ്യ മേഖലയിൽ 1998–ൽ നടത്തിയ പഠന പ്രകാരം 1990 എക്സ്റേ മെഷീനുകളും 84 സി.ടി. സ്കാൻ യൂണിറ്റുകളും 40 ഡന്റൽ എക്സ്റേ മെഷീനുകളും ഉള്ളതിൽ 90 ശതമാനത്തിലധികവും റേഡിയേഷൻ സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കപ്പെടാത്തവ യാണെന്ന് കണ്ടെത്തിയിരുന്നുവെന്ന് സഭയെ അറിയിച്ചു. കേരള സർക്കാരിന്റെ കീഴിലുള്ള റേഡിയേഷൻ സേഫ്ടി ഡയറക്ടറേറ്ററിന്റെ പ്രവർത്തനഫലമായി 70 ശതമാനം വരെ എക്സ്റേ സ്ഥാപനങ്ങളിൽ അടിസ്ഥാന സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലും എക്സ്റേ ക്ളിനിക്കുകളിലും ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഡി.ആർ.ടി.(ഡിപ്ളോമ ഇൻ റേഡിയോളജിക്കൽ ടെക്നോളജി) പരീക്ഷ പാസ്സായവരെത്തന്നെ എക്സ്റേ ടെക്നീഷ്യൻമാരായി നിയമിക്കണമെന്ന് സുരക്ഷാ ഡയറക്ടറേറ്റ് നിഷ്ക്കർഷി ക്കുന്നുണ്ട്. എക്സ്റേ, സ്കാൻ എന്നിവയുടെ ദുരുപയോഗം മൂലം ജനിതക വൈകല്യം, തിമിരം, കാൻസർ തുടങ്ങിയ രോഗങ്ങളുണ്ടാകുന്നത് തടയുന്നതിന് ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സ്റേ ടെക്നീഷ്യൻ കോഴ്സുകൾ നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾ അടിസ്ഥാന സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്; അത് പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന പാരാ മെഡിക്കൽ കോഴ്സുകൾക്ക് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടില്ല. റേഡിയേഷൻ സേഫ്ടി കൗൺസിൽ പരിശോധന നടത്തിയശേഷമാണ് എക്സ്റേ മെഷീനുകൾക്ക് അംഗീകാരം കൊടുക്കുന്നത്. മെഷീനുകളുടെ ന്യൂനതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. നിശ്ചിത യോഗ്യതയില്ലാത്തവർ നടത്തുന്ന എക്സ്റേ ക്ളിനിക്കുകളെ നിയന്ത്രിക്കുന്നതിന് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെൻര് ഗൗരവപൂർവം പരിശോധിക്കുന്നതാണ്. അറ്റോമിക് എനർജി നിയമമനുസരിച്ചു മാത്രം കൈമാറ്റം ചെയ്യ്പ്പെടേണ്ട ഉപകരണങ്ങളുടെ ചില യന്ത്ര ഭാഗങ്ങൾ തമിഴ്നാട്ടിലേയ്ക്ക് കടത്തിക്കൊണ്ടുപോയ വിവരം ശ്രദ്ധയിൽപെട്ടയുടൻതന്നെ ഗവൺമെന്റ്തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

161(*483) സാറ്റലൈറ്റ് ടൗൺഷിപ്പുകൾ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) നൽകിയ മറുപടിയിൽ, ആക്കുളത്ത് ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഏകദേശം 35 ഏക്കർ ഭൂമിയിൽ

സാറ്റലൈറ്റ് ടൗൺഷിപ്പ് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് സഭയെ അറിയിച്ചു. 2002 ഡിസംബറിൽ നടക്കുന്ന ദേശീയ-അന്തർദേശീയ ഗ്ളോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഈ പദ്ധതി അവതരിപ്പി ക്കുന്നതാണെന്നും പദ്ധതിയെക്കുറിച്ചുള്ള വിശദവിവരങ്ങൾ പ്രസ്തുത മീറ്റിനുശേഷം മാത്രമേ വെളിപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നും കൂട്ടിച്ചേർത്തു. കൊച്ചിൻ നഗരസഭയോടനുബന്ധിച്ച് തൃപ്പൂണിത്തുറയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സാറ്റലൈറ്റ് ടൗൺഷിപ്പിനെ സംബന്ധിച്ച് പാരിസ്ഥിതിക ഘടകങ്ങൾ കൂടി പഠിച്ചശേഷം മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂവെന്നും എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നീ പട്ടണ പ്രദേശങ്ങളിൽ സാറ്റലൈറ്റ് ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

162(*484) സംസ്ഥാനത്തിന്റെ ആരോഗ്യ പദ്ധതികൾക്ക് ധനസഹായം ചെയ്യുന്ന ഐക്യരാഷ്ട്ര സഭയുടെ ഏജൻസികൾ

ആരോഗ്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ ആരോഗ്യ പദ്ധതികൾക്ക് ഐക്യരാഷ്ട്ര സഭയുടെ ഏജൻസികളായ ഡബ്ള്യു.എച്ച്.ഒ., യു.എൻ.എഫ്. പി.എ., യൂണിസെഫ് തുടങ്ങിയവയിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ട്രൈബൽ പ്രോജക്ട് ഇമ്മ്യൂണൈസേഷൻ ആന്റ് ഡിസീസ് കൺട്രോൾ, മൈക്രോ ന്യൂട്രിയൻസിന്റെ പഠനവും പോഷകാഹാരവും, എഫ്.ആർ.യു.വിന്റെ പ്രവർത്തനം ശക്തമാക്കൽ എന്നീ പ്രവർത്തനങ്ങൾക്ക് യൂണിസെഫും കേരള സ്റ്റേറ്റ് ട്യൂബർകുലോസിസ് ആന്റ് ലെപ്രസീസ് സൊസൈറ്റിക്ക് ഡബ്ള്യു.എച്ച്.ഒ.യും ധനസഹായം നൽകുന്നു. യു.എൻ.എഫ്.പി.എ- ഐക്യ രാഷ്ട്ര സഭ- ജനസംഖ്യാ പ്രവർത്തന ഫണ്ടിന്റെ സഹായത്തോടുകൂടിയ ആരോഗ്യ പദ്ധതി കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. കൂടാതെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിക്ക് ലോകാരോഗ്യ സംഘടനയുടെ സാമ്പത്തിക സഹായവും ലഭിക്കുന്നു. ഐക്യ രാഷ്ട്രസഭയുടെ ഏജൻസികളുടെ സഹായം ശരിയായി ചെലവഴിക്കുന്നതിന് അതാതു പ്രവർത്തനങ്ങളോട് ബന്ധപ്പെട്ട് ഗവൺമെൻറ് തലത്തിൽ ഉള്ളവരേയും വകുപ്പ് അദ്ധ്യക്ഷൻമാരേയും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി രൂപീകരിക്കുന്ന സമിതികൾ വിദേശ ഏജൻസിയുടെയും ഗവൺമെന്റ് ഓഫ് ഇൻഡ്യയുടേയും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നു. ഐക്യരാഷ്ട്രസഭയുടെ ഏജൻസികളുടെ പ്രവർത്തനങ്ങൾ ആദിവാസി മേഖലയിലാണ് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് നടത്തുന്നത്. അത് സമയാസമയങ്ങളിൽ പരിശോധിച്ച് കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തുനിന്നും നിർമ്മാർജ്ജനം ചെയ്ത സാംക്രമികരോഗങ്ങൾ തടയാൻ ഊർജ്ജിതമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതാണ്. സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ഉത്തരവാദിത്വം ഹെൽത്ത് ഡിപ്പാർട്ടുമെൻറിലെ ജോയിന്റ് സെക്രട്ടറിക്ക് നൽകിയിരിക്കുകയാണ്. ഈ

സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ്. ജോൺ ഹോപ്കിൻസ് സർവകലാശാലയുടെ നേതൃത്വത്തിൽ മൂന്നാറിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഐക്യ രാഷ്ട്ര സഭയുടെ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടുകൂടി ആവശ്യമുള്ള പ്രദേശങ്ങളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് നിർദ്ദേശം നൽകുന്നതാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

163 (*485) <u>കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി</u>

ആരോഗ്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് നിലവിലുള്ള കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയുടെ രണ്ടാം ഘട്ടം 30–4–2004 വരെ നീണ്ടു നിൽക്കുന്നതാണെന്ന് സഭയെ അറിയിച്ചു. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ പദ്ധതിക്കായി ലോകബാങ്കിന്റെ സഹായമായി 40 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 31–5–2002 വരെ സംസ്ഥാനത്താകെ 2257 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും ഇപ്പോഴും ഫണ്ട് ലഭിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന ഫണ്ട് കുഷ്ഠരോഗാശുപത്രികളുടെ വികസനത്തിനുവേണ്ടി മാത്രം ചെലവഴിക്കാതെ രോഗികളുടെ ക്ഷേമത്തിനുവേണ്ടി ഉപയോഗിക്കണം എന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം. ഈ തുക രോഗിക്ക് വേണ്ട രീതിയിൽ പ്രയോജനപ്പെടുന്നില്ല എന്നു ബോദ്ധ്യപ്പെട്ടതുകൊണ്ട് കുഷ്ഠരോഗാശുപത്രികളുടെ പ്രവർത്തനത്തിനു പണം നീക്കിവയ്ക്കണമെന്ന നിർദ്ദേശം ആരോഗ്യ വകുപ്പിനു കൊടുത്തിട്ടുണ്ട്. കൊരട്ടി കുഷ്ഠരോഗാശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ധനകാര്യ വകുപ്പ് ആറു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി..

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

164(*486) <u>പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്മെന്റ് കേരള എന്ന സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ</u>

ഗ്രാമവികസന വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സന്നദ്ധ സംഘടനകൾക്ക് വിവിധ ഗ്രാമവികസന പരിപാടികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന കപ്പാർട്ടിന്റെ (കൗൺസിൽ ഫോർ അഡ്വാൻസ്മെന്റ് ഓഫ് പീപ്പിൾസ് ആക്ഷൻ ആന്റ് റൂറൽ ടെക്നോളജി) സഹായം ലഭ്യമാക്കുന്നതിനുതകുന്ന തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കാൻ ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും സന്നദ്ധ സംഘടനകൾക്ക് നൽകുക, സന്നദ്ധ സംഘടനകളിൽ നിന്നും ലഭിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് കപ്പാർട്ടിന് ശുപാർശ ചെയ്യുക, സന്നദ്ധ സംഘടനകൾക്ക് കപ്പാർട്ട് പ്രോജക്ടുകൾ നടപ്പിലാക്കാൻ ആവശ്യമായ പരിശീലനം നൽകുക, സന്നദ്ധ സംഘടനകൾ സന്ദർശിക്കുകയും അവരുടെ പ്രവൃത്തിയിൽ പങ്കാളികളാവുകയും ചെയ്യുക, ജില്ലകളിലും ബ്ലോക്കുകളിലും ബോധവൽക്കരണ ക്യാമ്പുകൾ

സംഘടിപ്പിക്കുക എന്നിവയാണ് പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്മെന്റ് കേരള എന്ന സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്ന് അറിയിച്ചു. ഈ സ്ഥാപനം വഴി 2001–2002 സാമ്പത്തിക വർഷത്തിൽ 6 സംഘടനകൾക്ക് 12,95,010 രൂപയുടെ പ്രോജക്ടുകൾ കപ്പാർട്ട് അംഗീകരിച്ച് അയച്ചുകൊടുക്കുകയുണ്ടായി.

165 (*489) <u>സൗരഗ്രാമ വൈദ്യുതീകരണ പരിപാടി</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളത്തിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിലെ കോളനികളിലുള്ള വീടുകളിൽ വെളിച്ചം എത്തിക്കുന്നതിനായി അനർട്ട് സോളാർ വില്ലേജ് ഇലക്ട്രിഫിക്കേഷൻ പ്രോജക്ട് എന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്ന് അറിയിച്ചു. സൗരഗ്രാമ വൈദ്യുതീകരണ പരിപാടിയുടെ ആദ്യ ഘട്ടത്തിൽ 5450 വീടുകൾക്ക് ഹോം ലൈറ്റിംഗ് സിസ്റ്റം നൽകുകയുണ്ടായി. കൂടാതെ 11 പവർ പ്ലാന്റുകൾ നിർമ്മിക്കുക വഴി 436 കുടുംബങ്ങൾക്കുകൂടി പ്രയോജനം ലഭിക്കുകയുമുണ്ടായി. ഇപ്പോൾ ഈ പദ്ധതിയുടെ രണ്ടാം ഘട്ടം വഴിയായി ഏകദേശം 6000 വീടുകൾക്ക് ഹോം ലൈറ്റിംഗ് സിസ്റ്റം നൽകിക്കഴിഞ്ഞു. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 3.97 കോടി രൂപ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായമായി ലഭിച്ചു. രണ്ടാംഘട്ടത്തിൽ 8.61 കോടി രൂപ പ്രതീക്ഷിച്ചതിൽ 4.43 കോടി രൂപ അഡ്വാൻസ് ആയി ലഭിച്ചുകഴിഞ്ഞു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

162 (3055) <u>പത്താം പദ്ധതിയിൽ കോർ സെക്ടറുകൾക്ക് വകയിരുത്തിയ തുക</u>

ആസൂത്രണ കമ്മീഷനുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ കോർ സെക്ടറുകൾക്ക് വേണ്ടി പത്താം പദ്ധതിയിൽ നീക്കി വച്ച തുക താഴെ ചേർക്കുന്നു.

| മേഖല | പദ്ധതിവിഹിതം രൂപ (കോടിയിൽ) |
|---|---|
| 1. കൃഷിയും അനുബന്ധ മേഖലകളും | 1125.00 |
| 2. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 930.00 |
| 3. വൈദ്യുതി | 3500.00 |
| 4. വ്യവസായവും ധാതുക്കളും | 1328.75 |
| 5. ഗതാഗതം | 2660.00 |
| 6. ശുദ്ധജല വിതരണവും മലിന നിവാരണവും | 1159.00 |

163 (3073) <u>ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന് ലഭിക്കുന്ന കേന്ദ്രസഹായം</u>

സംസ്ഥാന ശാസ്ത്ര സാങ്കേതിക ശാസ്ത്ര പരിസ്ഥിതി വകുപ്പിന് കേന്ദ്ര സയൻസ് ആന്റ് ടെക്നോളജി വകുപ്പിൽ നിന്നും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും

ധനസഹായം ലഭിക്കുന്നുണ്ട്. 2001–2002 സാമ്പത്തിക വർഷത്തിൽ ഈ വകുപ്പിൽ നിന്ന് 23,60,000 രൂപയും ദേശീയ സാങ്കേതിക ദിനാചരണം (ഡി. എസ്. റ്റി.യുടെ കീഴിലുള്ള എൻ. സി. എസ്. റ്റി. സി) – 3,69,775 രൂപയും ദേശീയ ശാസ്ത്ര ദിനാചരണം 2001 (ഡി. എസ്. റ്റി.യുടെ കീഴിലുള്ള എൻ. സി. എസ്. റ്റി. സി.) –ൽ നിന്നും 1,00,000 രൂപയും ദേശീയ പരിസ്ഥിതി ബോധവൽക്കരണ പരിപാടി 2001–2002 –14,22,500 രൂപയും ദേശീയ ഹരിത സേന–12,61,176 രൂപയും കേരള സയൻസ് കോൺഗ്രസ്–1,20,000 രൂപയും സഹായധനം ലഭിച്ചിട്ടുണ്ട്.

164 (3110) <u>ജയിൽ ഉപദേശക സമിതിയുടെ പ്രവർത്തനങ്ങൾ</u>

സെൻട്രൽ ജയിലുകളിലെയും തുറന്ന ജയിലുകളിലെയും വനിതാ ജയിലിലെയും ഒരു നിശ്ചിത കാലാവധി ശിക്ഷ പൂർത്തിയാക്കിയ തടവുകാരുടെ ശിക്ഷയെക്കുറിച്ച് പഠിച്ച് വിടുതൽ ചെയ്യപ്പെട്ടാൽ സമൂഹത്തിന് ദോഷകരമായി ബാധിക്കില്ലെന്ന് ഉറപ്പുള്ള തടവുകാരുടെ ശിക്ഷ ഇളവുചെയ്ത് വിടുതൽ ചെയ്യുന്നതിലേയ്ക്ക് സർക്കാരിന് ശുപാർശ സമർപ്പിക്കുക എന്ന പ്രവർത്തനങ്ങളാണ് ഉപദേശക സമിതി ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം സെൻട്രൽ ജയിലിൽ നിന്നും 21 തടവുകാരെയും കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും 3 തടവുകാരെയും നെട്ടുകാൽത്തേരി തുറന്ന ജയിലിൽ നിന്നും 16 തടവുകാരെയും വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും ഒരു തടവുകാരനെയും മോചിപ്പിച്ചിട്ടുണ്ട്. ഇവരിൽ 20 പേർ ജീവപര്യന്തം തടവുകാരാണ്.

165 (3144) <u>ദേശീയ ചേരി വികസന പരിപാടി</u>

ദേശീയ ചേരി വികസന പരിപാടി പ്രകാരം സംസ്ഥാനത്ത് നഗര പ്രദേശങ്ങളിലെ ചേരികളിൽ താമസിക്കുന്ന പാവപ്പെട്ടവരുടെ ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ശുദ്ധജല വിതരണം, കക്കൂസ്, കുളിമുറി, വീടുകളുടെ വയറിംഗ്, തെരുവു വിളക്കുകൾ സ്ഥാപിക്കൽ, മാലിന്യ നിർമ്മാർജ്ജനം, ചെറിയ റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ, ഓടകളുടെ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളുകൾ, അംഗൻവാടി, ബാലവാടി കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.

166 (3153) <u>വൃക്ക മാറ്റിവയ്ക്കുന്നതിന് അനുമതി നൽകുവാൻ സമിതി</u>

വൃക്ക മാറ്റിവയ്ക്കുന്നതിന് അനുമതി നൽകുന്നതിന് ഉത്തരമേഖല, മദ്ധ്യമേഖല, ദക്ഷിണ മേഖല എന്നീങ്ങനെ മൂന്ന് സമിതികൾ ഉണ്ട്. വൃക്ക ദാനം ചെയ്യുന്നയാളെ സ്ക്രീൻ ചെയ്ത ശേഷം വൃക്ക സ്വീകരിക്കാൻ അനുമതി നൽകുകയാണ് സമിതി ചെയ്യുന്നത്. പ്രതിഫലം നൽകുന്നതിന് വ്യവസ്ഥയില്ല.

-------